## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കൃഷിയും**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :131

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി.<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൃഷിയെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ 2013-14 വർഷത്തെ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | കൃഷിയെ പൂർണ്ണമായും നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനം സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടത്തിപ്പിനെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയുടെ 2013 ലെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് മുൻപും കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ നേരിട്ടുള്ള സാധാരണ കാർഷിക പ്രവൃത്തികളായ ഉഴവ്, നടീൽ, കളപറിക്കൽ, മണ്ണൊരുക്കൽ, നനയ്ക്കൽ, വളം, കീടനാശിനി പ്രയോഗം എന്നിവ ഏറ്റെടുക്കുകയോ ഭക്ഷ്യ/ പച്ചക്കറി കൃഷികൾക്ക് ആവശ്യമായ നടീൽ വസ്തുക്കൾ വാങ്ങുന്നതിന് അനുവാദം നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ, കേന്ദ്രസർക്കാരിന്റെ 2013 ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതി നടത്തിപ്പിന് ദോഷകരമായി ബാധിക്കുന്ന സാഹചര്യം |

| | | | |
|---|---|---|---|
| | | | നിലവിലില്ല. എന്നിരുന്നാലും ഈ വിഷയത്തിലുള്ള ആശങ്ക ദൂരീകരിക്കുന്നതിന് ആവശ്യമായ സ്പഷ്ടീകരണം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ക്ഷീരകർഷകരെയും പരമ്പരാഗത തൊഴിലാളികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന സംസ്ഥാന സർക്കാർ തീരുമാനത്തെ കേന്ദ്ര നിർദ്ദേശം പ്രതികൂലമായി ബാധിക്കുമോ; വിശദമാക്കുമോ; | (സി & ഡി) | സംസ്ഥാനത്ത് ക്ഷീരകർഷകരെയും മറ്റ് പരമ്പരാഗത തൊഴിലാളികളെയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് ക്ഷീരകർഷകർക്ക് സഹായകരമായ പ്രവൃത്തികളായ തൊഴുത്തിന്റെ ഈടുറ്റ തറ, പുൽതൊട്ടി, ഗോമൂത്ര സംഭരണി എന്നിവയും, കന്നുകാലികൾക്കുള്ള പൂരക പോഷകാഹാരമായ അസോളയുടെ കൃഷിയും അനുവദനീയ പ്രവൃത്തി ഇനങ്ങളായി തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക 1 ൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 ൽ ഉൾപ്പെടുത്തിയിട്ടുള്ള 15 ഇനം പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുവാൻ കഴിയുകയുള്ളു. എന്നാൽ പ്രസ്തുത 15 ഇനം പ്രവൃത്തികൾ മുഖേന ഏതെങ്കിലും ഒരു പഞ്ചായത്തിൽ തൊഴിലാളികളുടെ തൊഴിലിനുള്ള ആവശ്യകതയ്ക്ക് അനുസൃതമായി തൊഴിൽ നൽകാൻ സാധിക്കാതെ വരുന്ന പക്ഷം മറ്റേതൊരു പ്രവൃത്തിയും പുതുതായി ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി അപേക്ഷ നൽകാവുന്നതാണ്. അത്തരം പുതിയ പ്രവൃത്തികൾ നിർദ്ദേശിക്കുമ്പോൾ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിലെ |
| (ഡി) | കേന്ദ്ര നിർദ്ദേശം പുനഃപരിശോധിക്കണമെന്നാവശ്യപ്പെടാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ? | | |

ഖണ്ഡിക 7.2.2. (1) (ii) പ്രകാരം ചുവടെ നിർദ്ദേശിക്കുന്ന 2 നിബന്ധനകൾ പാലിക്കപ്പെടേണ്ടതാണ്.

1. പ്രസ്തുത പ്രവൃത്തിയിലൂടെ ഈടുറ്റ ആസ്തി സൃഷ്ടിക്കപ്പെടേണ്ടതാണ്.
2. പ്രസ്തുത പ്രവൃത്തി മൂലം ദരിദ്ര വിഭാഗങ്ങളുടെ ആജീവനത്തിന് (Livelihood) ആവശ്യമായ വിഭവങ്ങളുടെ ശക്തിപ്പെടലും യഥാർത്ഥ്യമാക്കേണ്ടതാണ്

ഈ സാഹചര്യത്തിൽ, ക്ഷീര കർഷകരുടെയും മറ്റ് പരമ്പരാഗത് തൊഴിലാളികളുടെയും ദൈനം ദിന തൊഴിൽ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തു ന്നതിന് നിർദ്ദേശം കേന്ദ്രസർക്കാരിൽ സമർപ്പിക്കുന്നതിന് പരിമിതികൾ ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ക്ഷീരകർഷകരെയും മറ്റ് പരമ്പരാഗത തൊഴിലാളികളെയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികൾ മുഖേന തൊഴിൽ കൊടുക്കാൻ കഴിയാത്ത സാഹചര്യം സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്ത് നിലവിലുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിനും പ്രസ്തുത പ്രദേശങ്ങളിൽ ഏതൊക്കെ പുതിയ പ്രവൃത്തിയിനങ്ങളാണ് ഉൾപ്പെടുത്താൻ കഴിയുക എന്നത് സംബന്ധിച്ച പരിശോധനയും വിലയിരുത്തലും നടത്തി 2 മാസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ.എം.മുരളി (എക്സ്-

| | | | |
|---|---|---|---|
| | | | എം.എൽ.എ) അദ്ധ്യക്ഷ നായ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭി ക്കുന്ന മുറയ്ക്ക്. കേന്ദ്രസർക്കാ രിനെ സമീപിക്കുന്നത് ഉൾപ്പെടെ യുള്ള തുടർനടപടികൾ സ്വീകരി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ